# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**ഫോൺ :0471–2324997,2327630.ഫാക്സ്: 0471–2324997.** E mail - kstatvm@gmail.com


**30.04.2012**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ/സെക്രട്ടറി**
കേരള സർക്കാർ, തിരുവനന്തപുരം.

സർ,

**വിഷയം:–** **പൊതുവിദ്യാഭ്യാസം – വിദ്യാഭ്യാസ അവകാശനിയമം – ഘടനാപരമായ മാറ്റം സംബന്ധിച്ച്**

**സൂചന:–** **No. H2/35920/2011/DPI**

2012 ഏപ്രിൽ 11 ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അധ്യാപകസംഘടനകളുടെ യോഗത്തിൽ ചർച്ചചെയ്യപ്പെട്ട വിദ്യാഭ്യാസ അവകാശനിയമ പ്രകാരമുള്ള സ്കൂൾ ഘടനാമാറ്റം സംബന്ധിച്ച കുറിപ്പ് സംഘടന വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ സംഘടനയുടെ അഭിപ്രായം അറിയിക്കാൻ ആഗ്രഹിക്കുന്നു.

1. ഹയർസെക്കന്ററി വരെ വിദ്യാഭ്യാസം അവകാശമായി പ്രഖ്യാപിക്കാൻ കഴിയുന്ന തരത്തിൽ പഠന സൗകര്യമുള്ള സംസ്ഥാനമാണ് കേരളം. 55 ലക്ഷം കുട്ടികൾക്ക് പഠിക്കാനുള്ള ക്ലാസ്മുറികളും അധ്യാപകരും കേരളത്തിലുണ്ട്. 40 ലക്ഷം കുട്ടികളാണ് നിലവിലുള്ളത്. പൊതുവിദ്യാലയങ്ങളിൽ ആവശ്യത്തിലധികം ക്ലാസ്മുറികളും അധ്യാപകരുമുണ്ട് എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടായിരിക്കണം ഘടനാമാറ്റത്തെക്കുറിച്ച് ചിന്തിക്കേണ്ടത് എന്നാണ് സംഘടനയുടെ അഭിപ്രായം.

2. കേന്ദ്രപാറ്റേണിൽ നിന്നും വ്യത്യസ്തമായ ഘടനയിലുള്ള മറ്റു സംസ്ഥാനങ്ങളിൽ ഘടനാമാറ്റത്തെക്കുറിച്ച് ഇതുവരെയും ചിന്തിച്ചിട്ടില്ല. നിശ്ചിത ദൂരപരിധിക്കുള്ളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള പരിശ്രമങ്ങളാണ് പല സംസ്ഥാനങ്ങളിലും നടക്കുന്നത്.

3. വ്യവസ്ഥാപിതമായ സംവിധാനങ്ങളും സമൂഹത്തിൽ കൂടുതൽ വിശ്വാസ്യതയുള്ളതുമായ പൊതുവിദ്യാലയങ്ങൾ കേരളത്തിലുണ്ട്. 2007–08 ലെ കണക്കനുസരിച്ച് 1694 എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ 3415 വിദ്യാലയങ്ങൾ അൺ–എക്കണോമിക് ആണ്. എന്നാൽ 8400 വിദ്യാലയങ്ങൾ നന്നായി പ്രവർത്തിക്കുന്നവയും മികവുള്ളവയും രക്ഷിതാക്കളുടെ വിശ്വാസ്യത ആർജ്ജിച്ചിട്ടുള്ളവയുമാണ്.

4. അൺ–എക്കണോമിക് സ്കൂളുകളെ ബാധിക്കില്ലെങ്കിലും ഘടനാമാറ്റത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളിൽ പലതും നിലവിലുള്ള മെച്ചപ്പെട്ട സ്കൂളുകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കും.

5. നിശ്ചിത ദൂരപരിധിക്കുള്ളിൽ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം വേണമെന്നാണ് വിദ്യാഭ്യാസ അവകാശനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഘടനയുടെ കാര്യത്തിൽ കേന്ദ്രപാറ്റേണിനെക്കുറിച്ച് പറയുന്നു എന്നുമാത്രം. ഇതിനെ ദുർവ്യാഖ്യാനം ചെയ്ത് ഘടനാപരമായ മാറ്റം വരുത്താനുള്ള ശ്രമങ്ങൾ നിയമത്തിന്റെ അന്തസത്തയ്ക്കെതിരാണ്. കുട്ടികളുടെ എണ്ണം നോക്കാതെ സ്കൂൾ അനുവദിക്കണമെന്നതിന്റെ അർത്ഥം ഉൾക്കൊള്ളാതെയാണ് കുട്ടികൾ കുറവുള്ള സ്കൂളുകളെ അൺ–എക്കണോമിക് എന്ന് ഇപ്പോഴും പറയുന്നത്.

6. അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ക്ലസ്റ്റർ സംവിധാനം പുതിയ നിർദ്ദേശമല്ല. അക്കാദമിക ഷെയറിംഗ് എന്ന നിലയിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. ക്ലസ്റ്റർ പരിശീലനം എന്ന ആശയവും

KSTA STATE COMMITTEE

ഇതിന്റെ ഭാഗമായിട്ടുള്ളതാണ്. ക്ലസ്റ്റർ പരിശീലനം കുറവുകൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിനുപകരം സംഘടനകളുടെ അഭിപ്രായം പോലും മാനിക്കാതെയും ക്യു.ഐ.പി മോണിറ്ററിംഗ് കമ്മിറ്റിയിൽ ആലോചിക്കാതെയും ഏകപക്ഷീയമായി നിർത്തലാക്കി.

7. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ അധ്യാപക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി മൂന്നുകമ്മിറ്റികളെ നിയോഗിച്ചിരുന്നു. ശ്രീമതി. ലിഡാജേക്കബിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി വ്യക്തമായ നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. അത് പരിഗണിക്കാതെ ഉദ്യോഗസ്ഥതലത്തിൽ മാത്രം ആലോചിച്ച് ഭരണപരമായ മാറ്റം ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശമാണ് ഘടനാമാറ്റത്തിന്റെ കുറിപ്പിലുള്ളത്. ഈ നിർദ്ദേശങ്ങളുടെ ഭാഗമായി ഉണ്ടാകാനിടയുള്ള അക്കാദമിക പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻപോലും തയ്യാറായിട്ടില്ല.

8. ഘടനാമാറ്റത്തിന്റെ ഫലമായി എട്ടാം ക്ലാസ് യു പി യിലേക്ക് മാറുമ്പോൾ ഹൈസ്കൂളുകളിലെ 6290 ക്ലാസ്മുറികൾ ഒഴിയുകയും, യു.പി-എൽ.പി സ്കൂളുകളിൽ 18000 ത്തോളം ക്ലാസ്മുറികൾ പുതിയതായി ഉണ്ടാക്കേണ്ടിവരും എന്നതാണ് പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നായി കാണുന്നത്. കൂടാതെ 21000 അധ്യാപകരുടെ പുനർവിന്യാസവും പ്രശ്നമാകും. ഇതിനെക്കാൾ പ്രധാനം നിലവിലുള്ള മെച്ചപ്പെട്ട സ്കൂളുകളുടെ നിലനിൽപ്പ് അപകടത്തിലാകും എന്നതാണ്. ഇക്കാര്യം വിദ്യാഭ്യാസവകുപ്പ് ഗൗരവമായി കാണുന്നില്ല.

9. നിർദ്ദേശങ്ങൾ നൽകി ചർച്ചയ്ക്കു വിധേയമാക്കുമ്പോൾതന്നെ ഇതിന്റെ അടിസ്ഥാനത്തിലുള്ള ഭരണപരമായ തുടർനടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഉദാ:- ഡിപ്പാർട്മെന്റ് തലത്തിൽ ക്ലസ്റ്ററുകളുടെ രൂപീകരണം, മദർസ്കൂൾ തെരഞ്ഞെടുക്കൽ, പൈലറ്റ് പ്രോഗ്രാം ആയി 11 എം.എൽ.എ മാരുടെ മണ്ഡലത്തിൽ നടപ്പിലാക്കൽ. ഈ നടപടി ജനാധിപത്യ വിരുദ്ധമാണ് എന്നാണ് സംഘടനയുടെ അഭിപ്രായം. പ്രായോഗിക പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും നിസ്സാരവൽക്കരിച്ചുകൊണ്ട് ഔദ്യോഗിക ഭരണ സംവിധാനം ഏകപക്ഷീയമായ നിലപാടുമായി പോകുന്നത് ശരിയല്ല എന്നാണ് ഞങ്ങൾ കരുതുന്നത്. മുൻകാലങ്ങളിൽ പ്രധാനപ്പെട്ട സംഘടനകളുടെ പ്രതിനിധികളെകൂടി ഉൾപ്പെടുത്തിയാണ് ഇത്തരം നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ അങ്ങിനെയൊരു നിലപാട് സർക്കാർ സ്വീകരിക്കുന്നതേയില്ല.

10. കേരളത്തിലെ സ്കൂളുകളുടെ എണ്ണം കണക്കാക്കി, യു.പി യും സമീപത്തുള്ള എൽ.പി. സ്കൂളുകളും ഹൈസ്കൂളുകളും സമീപമുള്ള യു.പി സ്കൂളുകളും എന്ന നിലയിലാണ് ക്ലസ്റ്ററുകൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. സ്കൂളുകളുടെ ഭൂമിശാസ്ത്രപരമായ വിന്യാസം കാണാതെയുള്ള കണക്കുകൂട്ടലാണിത്. ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിലാണ് സ്കൂളുകൾ കൂടുതലുള്ളത്. നാട്ടിൻ പ്രദേശങ്ങളിൽ ക്ലസ്റ്ററുകളുടെ ഘടനയ്ക്കും വാഹനങ്ങളിൽ കുട്ടികളെ എത്തിക്കാൻ കഴിയുന്ന അകലത്തിലും അല്ല സ്കൂളുകൾ നിലനിൽക്കുന്നത്. ഉദാ:- തിരുവനന്തപുരം ജില്ലയിൽപോലും നെടുമങ്ങാട്, പാലോട്, കാട്ടാക്കട എന്നീ ഉപജില്ലകളിലും തീരദേശങ്ങളിലും ഇത് പ്രായോഗികമല്ല. മലയോര-തീരപ്രദേശങ്ങൾ ഉടനീളമുള്ള കേരളത്തിൽ സ്കൂളുകൾ തമ്മിലുള്ള അകലവും യാത്രാസൗകര്യവും പരിശോധിച്ചാൽ ക്ലസ്റ്റർ സങ്കൽപം നടപ്പിലാക്കാൻ പ്രയാസമുള്ളതാണെന്ന് കാണാൻ കഴിയും. ആലപ്പുഴ (കായൽ-വയൽ പ്രദേശങ്ങൾ- കുട്ടനാട്), ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത. കേരളത്തിൽ എല്ലാ സ്കൂളുകളെയും നിശ്ചിതകാലത്തിനുള്ളിൽ ബന്ധിപ്പിക്കാൻ കഴിയാത്ത ക്ലസ്റ്റർ സംവിധാനം പ്രായോഗികമാകില്ല.

11. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നതും മികവുള്ളതുമായ സ്കൂളുകൾ പൊതുവിദ്യാലയങ്ങളാണ്. ഓരോ സ്കൂളിനും ശക്തമായ സാമൂഹ്യ പിന്തുണാ സംവിധാനമുണ്ട്. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ കളിസ്ഥലം ഉൾപ്പെടെയുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ നിലവിലുണ്ട്. ഇത്തരം വസ്തുതകൾ അംഗീകരിക്കാതെ പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

12. **ആശ്വാസ് (ASWAS - Arts, Sports, Work Experience in School):-** യു.പി മദർസ്കൂളായ ക്ലസ്റ്ററുകളിലാണ് ഒരു എൽ.പി. സ്കൂൾ വീതം ആശ്വാസായി മാറുന്നത്. കുട്ടികൾ കുറവുള്ള സ്കൂൾ എന്ന് ചർച്ചയിൽ പറഞ്ഞെങ്കിലും നിർദ്ദേശങ്ങളിൽ സൂചിപ്പിക്കുന്നില്ല. എല്ലാ ക്ലസ്റ്ററുകളിലും

KSTA STATE COMMITTEE

അൺ-എക്കണോമിക് സ്കൂൾ കാണില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞിട്ടായിരിക്കണം നിർദ്ദേശത്തിൽ മാറ്റം വന്നത്. പട്ടണങ്ങളിലാണ് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത്. നാട്ടിൻ പ്രദേശങ്ങളിൽ താരതമ്യേന കുറവാണ്. മലയോരപ്രദേശങ്ങളിലും ചില പ്രത്യേക പരിഗണനയുള്ള സ്ഥലങ്ങളിലുമുള്ള സ്കൂളുകൾ നിലനിർത്തേിവരും. ആശ്വാസ് ആയിമാറുന്ന സ്കൂളുകൾ ജവഹർ ബാലഭവൻ മാതൃകയിൽ ആയിരിക്കും എന്നാണ് പറയുന്നത്. ഫലത്തിൽ ഇവ സ്കൂൾ എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയാതെ അടച്ചുപൂട്ടപ്പെടും. കുറഞ്ഞത് 2000 സ്കൂളുകൾ ഇങ്ങനെ നിർത്തലാക്കാൻ സാധ്യതയു്.

ആശ്വാസിൽ പ്രത്യേക വാഹനത്തിൽ കുട്ടികളെ എത്തിച്ച് കലാ-കായിക പരിശീലനം നൽകും എന്നുപറയുന്നത് ഒരിക്കലും പ്രായോഗികമല്ല.

- ☞ സ്കൂളുകളിലുള്ള കലാ-കായിക അധ്യാപകർ പെൻഷൻ ആകുന്നമുറയ്ക്ക് സ്കൂളുകളിൽ കലാ - കായിക പഠനവും നിലവിലുള്ള സൗകര്യങ്ങളും ഇല്ലാതാകും.
- ☞ ആശ്വാസ് - എസ്.എസ്.എ പ്രോജക്റ്റിൽ ഫില്ലാതെവരുമ്പോൾ പ്രവർത്തനം നിലക്കും. എല്ലാ വർഷവും ആർട് അധ്യാപകർക്കുള്ള തുക വകയിരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല.
- ☞ 2000 ത്തോളം ആശ്വാസിലും 14000 രൂപയ്ക്ക് കലാ-കായിക പ്രവൃത്തിപരിചയ ഇൻസ്ട്രക്ർമാരെ കിട്ടുകയില്ല. നാട്ടിൻ പ്രദേശങ്ങളിലെ ആയിരത്തോളം ആശ്വാസിൽ എല്ലാവിഭാഗത്തിനും ഇൻസ്ട്രക്ടർമാരെ കിട്ടാനുള്ള ഒരു സാധ്യതയും ഇല്ല. ഫലത്തിൽ നിലവിലുള്ള കലാ-കായിക പഠനവും ഇതോടെ ഇല്ലാതാകും.
- ☞ ആരോഗ്യകായിക വിദ്യാഭ്യാസം, കലാപഠനം എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാണ്. പാഠ്യപദ്ധതിയുടെ ഭാഗമല്ലാതാക്കി പ്രത്യേക പരിശീലനം മാത്രമാക്കുന്നത് വിദ്യാഭ്യാസ അവകാശനിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനെതിരാണ്.

13. **ക്ലസ്റ്റർ ടി.സി ക്രമീകരണം:-** കുട്ടികളെ പഠിപ്പിക്കാൻ പൊതുവിദ്യാലയങ്ങൾ മാത്രമല്ല ഇവിടെയുള്ളത്. ജനസംഖ്യയിൽ 40% ഇടത്തരക്കാരും 20% സമ്പന്നരുമുള്ള കേരളത്തിൽ കൃത്യമായ വ്യവസ്ഥകളും സ്ഥിരം സംവിധാനവുമുള്ള സ്ഥാപനങ്ങളിൽ കുട്ടികളെ പഠിപ്പിക്കാൻ രക്ഷിതാക്കൾ ആഗ്രഹിക്കുന്നു. സി.ബി.എസ്.ഇ-ഐ.സി.എസ്.ഇ, അൺ-എയ്ഡഡ്, ഇന്റർനാഷണൽ സ്കൂളുകളും രണ്ടായിരത്തിലധികം അനധികൃതവിദ്യാലയങ്ങളുമുള്ള കേരളത്തിൽ പൊതുവിദ്യാലയങ്ങളിൽ ടി.സി യും കൃത്യമായ വ്യവസ്ഥയും എല്ലാത്തരം പരിശീലനവും നൽകിയില്ലെങ്കിൽ രക്ഷിതാക്കൾ കുട്ടികളെ അയക്കാൻ മടിക്കും. അതുകൊണ്ട് ടി.സി കൊടുക്കുകയും കുട്ടിയുടെ രേഖകൾ സൂക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ ഇല്ലാതായാൽ സ്കൂൾ അഡ്മിഷനെ ബാധിക്കും. മദർസ്കൂൾ എന്ന നിർദ്ദേശം രക്ഷിതാക്കൾ ഈ വർഷംതന്നെ നടപ്പിലാക്കണമെന്ന നിർദ്ദേശം അപ്രായോഗികമാണ്. രക്ഷിതാക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്താതെ നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റം വരുത്തുന്നതിനോട് യോജിക്കാൻ കഴിയില്ല.

14. **കേരളത്തിലെ സ്കൂളുകളുടെ പ്രത്യേകത**:- കുട്ടികൾ കുറവുള്ള സ്കൂളുകളെ മെച്ചപ്പെടുത്താൻ ഒരു വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമെന്നാണ് പറയുന്നത്. സംഘടന എല്ലാ അർത്ഥത്തിലും ഇതിന് പിന്തുണ നൽകും. സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായി എ ഇ ഒ, ഡി ഇ ഒ ഓഫീസുകൾ ക്ലാസ് മുറികളുടെയും കെട്ടിടങ്ങളുടെയും ശരിയായ വിവരം ഒരു വർഷം സമയമെടുത്തിട്ടും ക്രോഡീകരിച്ചെടുക്കാൻ കഴിയാത്ത നമ്മുടെ ഔദ്യോഗിക സംവിധാനം ഉപയോഗിച്ച് സ്കൂളുകൾ മെച്ചപ്പെടുത്താൻ കഴിയും എന്ന് തോന്നുന്നില്ല. എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കാൻ നിലവിലുള്ള വ്യവസ്ഥകൾ തടസമാണ്. മാനേജ്മെന്റ് വ്യവസ്ഥകളിൽ മാറ്റംവരുത്താതെ സ്കൂളുകളെ ആകർഷകമാക്കാൻ കഴിയും എന്ന അവകാശവാദം വിശ്വസനീയമല്ല. എയ്ഡഡ് സ്കൂളുകളിൽ ഒരു തരത്തിലുള്ള ഫണ്ടിംഗും സാധ്യമാകാത്ത അവസ്ഥയാണ് നിലവിലുള്ളത്.

കേരളത്തിലെ സ്കൂളുകളുടെ ചരിത്രവും സാമൂഹ്യപ്രാധാന്യവും അംഗീകരിക്കുന്ന ആർക്കും നിലവിലുള്ള സ്കൂളുകൾ കൂട്ടിക്കെട്ടി ഇല്ലാതാക്കാനുള്ള നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ല. സമാന്തര വിദ്യാലയങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ എല്ലാവിധ സഹായവും നൽകുകയും

പുതുതായി ഉപോധികളൊന്നുമില്ലാതെ എൻ ഒ സി നൽകുകയും ചെയ്യുന്ന ഒരവസ്ഥയാണ് ഇപ്പോൾ ഇവിടെയുള്ളത്. പൊതുവിദ്യാലയങ്ങളുടെ സകൗര്യങ്ങൾ വർധിപ്പിച്ച് കൂടുതൽ ആകർഷകമാക്കുന്നതിന് പകരം സ്കൂളുകളുടെ നിലനിൽപ് തന്നെ അപകടത്തിലാക്കുന്ന നിർദ്ദേശങ്ങളാണ് ഘടനാമാറ്റത്തിൽ ചേർത്തിട്ടുള്ളത്. ഇത് അപ്രായോഗികവും പൊതുവിദ്യാലയങ്ങളെ അപകടത്തിലാക്കുന്നതുമാണ്. കൂടുതൽ പഠനത്തിനും പരിശോധനകൾക്കും ശേഷമേ പൈലറ്റ് പദ്ധതി പോലും നടപ്പിലാക്കാവൂ എന്നതാണ് സംഘടനയുടെ അഭിപ്രായം.

15. **ഘടനാമാറ്റം ആന്തരികമായി നടത്തുന്നു:-** ഘടനാമാറ്റം നടത്തുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ നിർദ്ദേശങ്ങളിലുണ്ട്. എന്നാൽ ക്ലസ്റ്റർതലത്തിൽ കുട്ടികളുടെ അടിസ്ഥാനരേഖകൾ സൂക്ഷിച്ചുകൊണ്ട് തത്വത്തിൽ ഘടനാമാറ്റം നടപ്പാക്കാനുള്ള നിർദ്ദേശമാണ് ഇതിൽ ഉള്ളത്. മദർ ഫീഡർ സ്കൂളിലെ അധ്യാപകരുടെ **'ടീച്ചർ ക്ലസ്റ്റർ'** പ്രവർത്തിക്കണമെന്ന് പറയുന്നതും ഗണത്തിലുള്ള ഹൈസ്കൂളിൽ നിന്നും യി പി യിലേക്കും യു പി യിൽ നിന്നും എൽ പി യിലേക്ക് അധ്യാപകരുടെ സേവനം ഉപയോഗിക്കും എന്നതിന്റെ അർത്ഥം മനസിലാക്കാൻ പ്രയാസമില്ല. ഫലത്തിൽ ഘടനാമാറ്റം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം വ്യക്തമായി സൂചിപ്പിക്കുന്ന നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. അധ്യാപകരുടെ സേവന-വേതന വ്യവസ്ഥയിൽ മാറ്റംവരുത്താതെ ക്ലസ്റ്ററിനുള്ളിലെ ഏത് സ്കൂളിലും പഠിപ്പിക്കാനുള്ള സാഹചര്യം ഉണ്ട് എന്ന് പറയുന്നത് തന്നെ പുനർവിന്യാസം നടത്തുന്നതിന്റെ മുന്നൊരുക്കമാണ്. എയ്ഡഡ് സ്കൂളുകൾ ക്ലസ്റ്ററുകളിൽ ഉൾപ്പെടുത്തി എന്നതുകൊണ്ട് നിലവിലുള്ള വ്യവസ്ഥകൾ മറികടക്കാൻ കഴിയില്ല. സ്കൂളുകളുടെ സ്വതന്ത്രമായ നിലനിൽപിനേയും വികസനത്തേയും പ്രതികൂലമായി ബാധിക്കുന്ന തരത്തിലാണ് ക്ലസ്റ്റർ നിർദ്ദേശങ്ങൾ. നിലവിലുള്ള വ്യവസ്ഥകൾ ഇല്ലാതാക്കി (കുട്ടികളുടെ ടി സി, അധ്യാപകരുടെ തസ്തിക) പരസ്പരം കൈമാറുന്ന ഈ സംവിധാനം സ്കൂളുകളെ ഡീസ്കൂളിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിന്റെ തുടക്കമായി കാണാം. ഇത് സംഘടനയ്ക്ക് സ്വീകര്യമല്ല.

വിദഗ്ധസമിതിയുടെ ആഴത്തിലുള്ള പഠനവും പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചുള്ള വിശകലനവും ഇല്ലാതെ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കരുത്. നിലവിലുള്ള യാഥാർത്ഥ്യങ്ങൾ മനസിലാക്കാതെയുള്ള നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. കേരളത്തിന്റെ അഭിമാനസ്തംഭമായി നിലനിൽക്കുന്ന പൊതുവിദ്യാഭ്യാസത്തെ ദുർബലപ്പെടുത്തുന്ന നിർദ്ദേശങ്ങളാണ് മിക്കവയും. ഈ യാഥാർഥ്യം മനസിലാക്കി സാധാരണക്കാരും പാവപ്പെട്ടവരുമായ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കുന്ന നടപടികളിൽ നിന്നും സർക്കാർ പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**എം. ഷാജഹാൻ**

ജനറൽ സെക്രട്ടറി

KSTA STATE COMMITTEE